(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ പ്രസിദ്ധീകരണ വകുപ്പ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തുടങ്ങിയ സ്ഥാപനങ്ങൾ കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ എത്ര പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പുസ്തകങ്ങളിൽ 500 പേജിൽ കൂടുതൽ വലുപ്പം വരുന്ന പുസ്തകങ്ങളുടെ പേരുവിവരവും അവയുടെ വിലയും പ്രസിദ്ധീകരിച്ച വർഷവും വിൽപ്പന വിവരവും വെളിപ്പെടുത്താമോ;

(സി) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന 500 പേജിലും അതിനുമുകളിലും വരുന്ന പുസ്തകങ്ങൾ വിൽപ്പന സാദ്ധ്യതയില്ലാതെ ഗോഡൗണിൽ കെട്ടിക്കിടക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ വലിയ പുസ്തകങ്ങൾ അച്ചടിക്കുന്നതിനുമുമ്പ് പുറത്തുനിന്നുള്ള വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുവാനും വിൽപ്പന സാദ്ധ്യത ഉറപ്പുവരുത്താനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് .. 47
ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് .. 318
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് .. 70

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†
സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ വിൽപ്പന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പുസ്തകങ്ങൾ ഗോഡൗണിൽ കെട്ടിക്കിടക്കുന്ന സ്ഥിതി വിശേഷം നിലവിലില്ല.

(ഡി) വിദഗ്ദ്ധ സമിതി/ഉപദേശക സമിതി പരിശോധിച്ച ശേഷമാണ് പ്രസിദ്ധീകരിക്കുന്നത്.

ആസാദ് ലൈബ്രറി കെട്ടിടം പുതുക്കിപ്പണിയാൻ നടപടി

116 [1461] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലെ നൂറിൽപ്പരം വർഷം പഴക്കമുള്ള ആസാദ് ലൈബ്രറിയുടെ കെട്ടിടം പുതുക്കി പണിയുന്നത് തടസ്സപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ലൈബ്രറി കെട്ടിടത്തിന്റെ പരിസരത്ത് പുതുതായി കെട്ടിടം പണിതത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആർക്കിയോളജി വകുപ്പ് തടസ്സപ്പെടുത്തിയതിനെതിരെ തലശ്ശേരിയിൽ ബഹുജന സമരം നടന്നത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മഴലാന ആസാദിന്റെ പേരിലുള്ള പ്രസ്തുത ലൈബ്രറിക്ക് കെട്ടിടം പണി തുടങ്ങുവാനുള്ള അനുവാദം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരിയിലെ ആസാദ് ലൈബ്രറിയുടെ പുതിയ കെട്ടിടം പണിയുന്നത് തടസ്സപ്പെടുത്തിയത് സംസ്ഥാന പുരാവസ്തു വകുപ്പല്ല; കേന്ദ്ര പുരാവസ്തു വകുപ്പാണ്. കേന്ദ്ര പുരാവസ്തു വകുപ്പിന്റെ 1956-ലെ സംരക്ഷിത സ്മാരക നിയമമനുസരിച്ച് സംരക്ഷിത സ്മാരകത്തിന് വളരെയടുത്ത് പുതിയതായി കെട്ടിടം പണിയുന്നതിന് അനുമതി നൽകുകയില്ല. അതിനാലാണ് പുതിയ കെട്ടിടം പണിയുന്നതിനുള്ള അനുമതി കേന്ദ്ര പുരാവസ്തു വകുപ്പ് നൽകാത്തത്.

(ബി) ഇല്ല.

(സി) സംസ്ഥാന ആർക്കിയോളജി വകുപ്പ് തടസ്സപ്പെടുത്തിയിട്ടില്ല.

(ഡി) 'എ' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അംബേദ്കർ പഠനകേന്ദ്രം ആരംഭിക്കുന്നതിന് നടപടി

117 [1462] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ ഡോ. അംബേദ്കർ പഠനകേന്ദ്രം ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ അനുവദിച്ച ഫണ്ട് സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ടോ;

(സി) ഈ പഠനകേന്ദ്രം ആരംഭിക്കുന്നതിന് ഇതുവരെ സർവ്വകലാശാല സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) ഈ പഠനകേന്ദ്രം ആരംഭിച്ചിട്ടില്ല എങ്കിൽ അടിയന്തിരമായി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) നിർദ്ദേശം പരിഗണനയിലാണ്.

(സി) കേരള സർവ്വകലാശാല പട്ടികജാതി വികസന വകുപ്പുമായി ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly